"ഭരണഭാഷ മാതൃഭാഷ"

**വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

**(ഹാജർ: പ്രിയങ്ക.ജി IAS)**

വിഷയം: വനിത ശിശു വികസന വകുപ്പ് - വിധവാ പുനർ വിവാഹം - ധനസഹായം - മംഗല്യ പദ്ധതി - കാലതാമസം മാപ്പാക്കി തുക അനുവദിച്ച് നൽകി ഉത്തരവാകുന്നു.

പരാമർശം:1. സ.ഉ.(സാധാ)നം. 472/2008/സാ.നീ.വ. തീയതി 12.11.2008

2. സ.ഉ.(സാധാ)നം. 44/2020/സാ.നീ.വ. തീയതി 02.01.2020

3. കൊല്ലം ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 23/07/2022 ലെ D/1048/21 നം. കത്ത്.

4. വയനാട് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 21/07/2022 ലെ D-721/2021 നം. കത്ത്.

5. കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ 10/05/2022 ലെ DWCDO/KNR/A4/2173/2021 നം. കത്ത്

6.G.O(Rt) No. 485/2022/WCDD തീയതി 08.11.2022

**ഉത്തരവ് നം. WEC2-8527/18 തീയതി: 29.11.2022**

വിധവകളുടെ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം നടപ്പാക്കിയിട്ടുള്ള 'മംഗല്യ' പദ്ധതി പ്രകാരം ധനസഹായത്തിനായി നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷിക്കുന്നതിന് സാധിക്കാതിരുന്ന 4 അപേക്ഷകരുടെ അപേക്ഷയിന്മേൽ കാലതാമസം മാപ്പാക്കി ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊല്ലം, വയനാട് , കണ്ണൂർ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ പരാമർശം (3)(4)(5) പ്രകാരം ശുപാർശ സമർപ്പിച്ചിരുന്നു.

പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ 'മംഗല്യ' പദ്ധതി പ്രകാരം അറിവില്ലായ്മ കാരണം നിശ്ചിത സമയപരിധിയ്ക്കകം ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത കൊല്ലം, വയനാട്, കണ്ണൂർ ജില്ലകളിലെ 4 ഗുണഭോക്താക്കൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി 25000/- രൂപ വീതം 1,00,000/- രൂപ 22-35-02-103-68-03 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം (6) പ്രകാരം സർക്കാർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 'മംഗല്യ' പദ്ധതി പ്രകാരം ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച ചുവടെ വിവരിക്കുന്ന പട്ടികയിൽപ്പെട്ട 4 ഗുണഭോക്താക്കൾക്ക് അറിവില്ലായ്മ കാരണം അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി 25000/- രൂപ വീതം ആകെ **1,00,000/- (ഒരു ലക്ഷം രൂപ മാത്രം)** വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

ഒരു ഗുണഭോക്താവിന് 25,000/- രൂപ എന്ന ക്രമത്തിൽ 4 അപേക്ഷകർക്കായി നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരം **1,00,000/- (ഒരു ലക്ഷം രൂപ മാത്രം)** രൂപ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് നൽകേണ്ടതാണ്.

| ക്രമ നം. | ജില്ല | അപേക്ഷകരുടെ പേരും മേൽ വിലാസവും | അപേക്ഷ സമർപ്പിച്ച തീയതി | പുനർ വിവാഹം നടന്ന തീയതി | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | കൊല്ലം | ശ്രീമതി അഞ്ജു.എസ്, മുല്ല മംഗലത്ത് പുത്തൻ വീട്, പൊൻമന, ചിറ്റൂർ, പൻമന | 12/11/2021 | 4/11/2020 | 25000 |
| 2 | വയനാട് | ശ്രീമതി സൗമ്യ ഗോളോത്ത് വീട്, പടിഞ്ഞാറേത്തറ. പി.ഒ, വയനാട് | 21/02/2022 | 12/11/2020 | 25000 |
| 3 | കണ്ണൂർ | സജീന.കെ 537, കുർങ്ങോട് ഹൗസ്, കുറ്റ്യാട്ടൂർ-670602 കണ്ണൂർ | 22/04/2022 | 11/5/2019 | 25000 |
| 4 | | ജിതീഷ.എം, 439, മീത്തൽ ഹൗസ്, ചൊക്ലി-670672 കണ്ണൂർ | 27/04/2022 | 12/7/2020 | 25000 |
| | | ആകെ തുക | | | 100000 |

| ക്രമ നം. | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിക്കുന്ന തുക |
|---|---|---|---|
| 1 | കൊല്ലം | 1 | 25000 |
| 2 | വയനാട് | 1 | 25000 |
| 10 | കണ്ണൂർ | 2 | 50000 |
| | **ആകെ** | **4** | **100000** |

പ്രസ്തുത തുക ബന്ധപ്പെട്ട ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകേണ്ടതാണ്. തുക അനുവദിച്ച് നൽകി, ധനവിനിയോഗ സാക്ഷ്യപത്രം ഈ കാര്യാലയത്തിലേയ്ക്ക് അയച്ച് തരേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ 1,00,000/- രൂപ (**ഒരു ലക്ഷം രൂപ മാത്രം**) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-103-68-(03) (P) ശീർഷകത്തിൽ നിന്നും ചെലവഴിക്കേണ്ടതാണ്.

**(ഒപ്പ്)**

**വനിത ശിശു വികസന ഡയറക്ടർ**

ജില്ലാ വനിത ശിശു വികസന ഓഫീസർ കൊല്ലം, വയനാട്, കണ്ണൂർ

- **പകർപ്പ്:**

7. സൂപ്രണ്ട് എ, സെക്ഷൻ (അലോട്ട്മെന്റ് അനുവദിക്കുന്നതിനായി)
8. സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്